| ക്ലാസ് : 3 | യൂണിറ്റ് 7 - ഒരു സ്വപ്നം പോലെ | മൊഡ്യൂൾ 15. | വസന്തം വന്നപ്പോൾ |
|---|---|---|---|

| | |
|---|---|
| **ആമുഖം** | ഓസ്കാർ വൈൽഡിന്റെ 'ദി സെൽഫിഷ് ജയന്റ്' എന്ന അതിഹൃദ്യമായ കഥയെ അവലംബമാക്കി തയ്യാറാക്കിയ കഥയാണ് വസന്തം വന്നപ്പോൾ എന്ന പാഠഭാഗം. കുട്ടികളിൽ വീണ്ടും വീണ്ടും വായിക്കാനുള്ള പ്രേരണ വളർത്തുന്ന രീതിയിലാണ് കഥയുടെ ആഖ്യാനം നിർവ്വഹിച്ചിട്ടുള്ളത്. പ്രകൃതിയുടെ വരദാനമായ പൂക്കളും പൂന്തോട്ടവും ഋതുക്കളുമെല്ലാം ലോകത്തിലെ സമസ്ത ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് എന്ന മനോഭാവം കുട്ടികളിൽ വളർത്തിയെടുക്കാൻ ഈ പാഠഭാഗം സഹായകമാവുന്നു. |
| **ആശയം** | പ്രകൃതിയിലെ നന്മകളെല്ലാം എല്ലാവർക്കും അവകാശപ്പെട്ടതാണ്. സ്നേഹവും അനുതാപവും ഏറ്റവും ശ്രേഷ്ഠമായ മൂല്യങ്ങളാണ്. |
| **പഠനനേട്ടം** | കഥ, കവിത, ലഘുവിവരണം എന്നിവ കേൾക്കുകയും സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുകയും ചെയ്യുന്നു. പ്രയോഗങ്ങൾ ശൈലികൾ തുടങ്ങിയവ സന്ദർഭാനുസരണം സംസാരത്തിൽ ഉൾപ്പെടുത്തുന്നു. സർഗാത്മക രചനകളിൽ ഏർപ്പെടുന്നു |
| **വ്യവഹാര രൂപം** | സംഭാഷണം |
| **വായനാ സാമഗ്രി** | ടീച്ചർവേർഷൻ, സംഭാഷണം, കവിതകൾ |
| **സമയം** | 5 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. പ്രവേശകം 2 കഥാ വായന 3. പറയാം എഴുതാം 4. വായിക്കാം, 5.വിശകലന ചോദ്യങ്ങൾ 6. ഭാവാത്മക വായന 7. അഭിനയിക്കാം 8. കാലമേത്? 9. സംഭാഷണം എഴുതാം 10. കണ്ടെത്താം എഴുതാം 11. ഞാൻ എഴുതിയത്. |
| **വർക്ക് ഷീറ്റ്** | 3122 കഥയെ നാടകമാക്കാം |
| **സർഗ്ഗവേള** | കഥ, കവിത, അഭിനയം |
| **ചുമർചിത്രം** | കുട്ടികൾ രചിച്ച കവിതകൾ, സംഭാഷണം, ചിത്രങ്ങൾ |
| **ദിനാചരണം** | |
| **സി.പി.ടി.എ** | കുട്ടികളുടെ പ്രകടനം, പ്രദർശനം |

**പ്രവർത്തനം - സൂക്ഷ്മപ്രക്രിയ**

**1. പ്രവേശകം (30 മിനിറ്റ് )**

നിങ്ങളുടെ എല്ലാവരുടെ വീട്ടിലും പൂന്തോട്ടമുണ്ടോ? പൂന്തോട്ടത്തിൽ എന്തെല്ലാമുണ്ട്? പൂന്തോട്ടം പരിപാലിക്കുന്നത് നിങ്ങളാണോ? തുടങ്ങിയ ചോദ്യങ്ങളിലൂടെ ക്ലാസിൽ ചർച്ച

നിങ്ങൾക്കെല്ലാവർക്കും പൂന്തോട്ടത്തെക്കുറിച്ച് അറിയാം. നമുക്കൊരു പൂന്തോട്ടം വരച്ചാലോ? പൂന്തോട്ടത്തിൽ എന്തെല്ലാം ഉൾപ്പെടുത്താം. പദസൂര്യൻ പൂർത്തിയാക്കുന്നു.




പദസൂര്യൻ പൂർത്തിയാക്കിയതിന് ശേഷം എല്ലാവരും പൂന്തോട്ടം വരയ്ക്കുന്നു. (പിന്നോക്കക്കാർക്ക് പൂന്തോട്ടത്തിൽ കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്താൻ പദസൂര്യൻ പ്രയോജനപ്പെടുത്തുന്നു)
വരച്ച ചിത്രം ക്ലാസിൽ പ്രദർശിപ്പിക്കുന്നു.

**ടീച്ചർ ഒരു കഥ പറയുന്നു**

നിങ്ങൾ എല്ലാവരും മനോഹരമായ പൂന്തോട്ടം വരച്ചു. ഒരിടത്ത് ഇങ്ങനെ മനോഹരമായ ഒരു പൂന്തോട്ടം ഉണ്ടായിരുന്നു. പൂന്തോട്ടം ഉടമസ്ഥന് പൂന്തോട്ടം ശരിക്ക് പരിപാലിക്കാൻ കഴിഞ്ഞിരുന്നില്ല. കുറെ ക്കാലം ഉടമസ്ഥൻ സ്ഥലത്തില്ലായിരുന്നു. ആ സമയത്ത് കുട്ടികൾ എല്ലാവരും അവിടെ കയറി കളി ക്കാൻ തുടങ്ങി. അവർ മരങ്ങളിൽ കയറിയും വള്ളികളിൽ ഊഞ്ഞാലാടിയും തുമ്പികളോട് കിന്നാരം പറഞ്ഞും ആർത്തുല്ലസിച്ച് നടന്നു. എന്നാൽ ഒരു ദിവസം പൂന്തോട്ടം ഉടമ അവിടെ എത്തി. അപ്പോൾ അവിടെ എന്തായിരിക്കും സംഭവിച്ചിട്ടുണ്ടാവുക?
കുട്ടികൾ വ്യക്തിഗതമായി അഭിപ്രായ പ്രകടനം നടത്തുന്നു. ടീച്ചർ എഴുതുന്നു. നിങ്ങൾ പറഞ്ഞ കാര്യങ്ങൾ തന്നെയാണോ സംഭവിച്ചത്? എങ്ങനെ അറിയാം? വസന്തം വന്നപ്പോൾ എന്ന പാഠഭാഗം വായിച്ചു നോക്കൂ.

**2. കഥാവായന ( 40 മിനിറ്റ്)**

കുട്ടികളിൽ വ്യക്തിഗതമായി വസന്തം വന്നപ്പോൾ എന്ന പാഠഭാഗം വായിക്കുന്നു. ഇവിടെ പൂന്തോട്ട ത്തിന്റെ ഉടമസ്ഥൻ തിരിച്ചെത്തിയപ്പോൾ എന്താണ് സംഭവിച്ചത്? കണ്ടെത്തിയവ അവതരണം. കുട്ടി കൾ ആദ്യം പറഞ്ഞ കാര്യങ്ങളുമായി താരതമ്യം ചെയ്യുന്നു. പൂന്തോട്ടത്തിൽ സംഭവിച്ച കാര്യങ്ങൾ എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ? എന്തുകൊണ്ടാണ് എല്ലാവർക്കും കഴിയാത്തത്? (വായിക്കാ നറിയില്ല, ആശയം ഗ്രഹിക്കാൻ കഴിഞ്ഞില്ല, അർത്ഥം അറിയില്ല) എല്ലാവർക്കും കഴിയേണ്ടേ?
എങ്ങനെ ആശയമുറപ്പിക്കാം? ഒരിക്കൽ കൂടി വായന അറിയുന്നത് (✓) അറിയാത്തത് (*x*) ഇഷ്ടപ്പെ ട്ടത് (-) പെൻസിൽ കൊണ്ട് അടയാളപ്പെടുത്തുന്നു. അറിയാത്ത പദങ്ങൾ പ്രയോഗങ്ങൾ പദശേഖര പുസ്തകത്തിലേക്ക് എഴുതുന്നു.
തുടർന്ന് മൂന്നംഗ ഗ്രൂപ്പിൽ ഇഷ്ടപ്പെട്ടത്, അറിയുന്നത്, അറിയാത്തത് അവതരണം - ചർച്ച പൊതു അവതരണം മറ്റ് ഗ്രൂപ്പുകൾ, ടീച്ചർ ഇടപെട്ട് മെച്ചപ്പെടുത്തുന്നു. അറിയാത്ത പദങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ അർത്ഥം പദശേഖര പുസ്തകത്തിൽ എഴുതുന്നു.
(ഇപ്പോൾ ഈ പാഠഭാഗത്തിലെ എല്ലാ പദങ്ങളും എല്ലാവർക്കും വായിക്കാനറിയാം അർത്ഥം അറിയാം എന്ന് ടീച്ചർ ക്രോഡീകരിക്കുന്നു)

**പ്രതികരണ പേജിലേക്ക്**

വായനയിൽ ഇനിയും പ്രയാസം നേരിടുന്നവർ ഉണ്ടോ?
എല്ലാ വാക്കുകളുടെയും അർത്ഥം, ആശയം, എല്ലാവർക്കും അറിയാം എന്ന് ഉറപ്പാക്കാൻ കഴിഞ്ഞോ?
മുൻക്ലാസിനെ അപേക്ഷിച്ച് പിന്നോക്കക്കാരിൽ എന്ത് മാറ്റം?

**3. പറയാം എഴുതാം (20 മിനിറ്റ്)**

പാ. പു പേജ് 105 ലെ പറയാം എഴുതാം എന്ന പ്രവർത്തനം കുട്ടികൾ സ്വയം വായിച്ച് എന്തു ചെയ്യണ

മെന്ന് പറയുന്നു. ആവശ്യമെങ്കിൽ ടീച്ചർ വ്യക്തത വരുത്തുന്നു. കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതുന്നു.

1. തോട്ടമുടമയുടെ മനസ്സലിയിച്ച കാഴ്ച എന്തായിരുന്നു?
2. തടിയൻ വീട്ടിനുള്ളിൽ മൂടിപ്പുതച്ച് ഉറക്കം തന്നെ വേറെയൊന്നും ചെയ്യാനില്ല എന്താവാം കാരണം?
3. വീണ്ടും വസന്തകാലം വന്നപ്പോൾ പൂന്തോട്ടത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വന്നത്?
4. അയാളുടെ ഉദ്യാനത്തിൽ മാത്രം വസന്തം വന്നില്ല. കാരണം എന്തായിരിക്കും?

മൂന്നംഗ ഗ്രൂപ്പിൽ അവതരണം (ചോദ്യം അതിന്റെ ഉത്തരം എന്ന രീതിയിൽ) മെച്ചപ്പെടുത്തുന്നു. പൊതു അവതരണം. മെച്ചപ്പെടുത്തൽ ടീച്ചർ ആശയം ക്രോഡീകരിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

ചോദ്യം സ്വയം വായിച്ച് ഉത്തരം എഴുതാൻ എല്ലാവർക്കും കഴിയുന്നുണ്ടോ? കഴിയാത്തവർ എത്ര പേർ? ഗ്രൂപ്പ് അവതരണത്തിൽ എല്ലാവരുടേയും പങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയുന്നുണ്ടോ?

**4. വായിക്കാം കണ്ടെത്താം (30 മിനിറ്റ്)**

കുട്ടികളെ 5 ഗ്രൂപ്പാക്കുന്നു. ഗ്രൂപ്പിൽ എല്ലാവരും പാഠം ഒന്നുകൂടി വായിക്കുന്നു. പൂന്തോട്ടത്തെക്കുറിച്ചുള്ള വിവരണം കഥയിൽ എവിടെയാണുള്ളത് എന്ന് കണ്ടെത്തുന്നു. ഗ്രൂപ്പിൽ അവതരണം ( വായനയിൽ പിന്നോക്കം നിൽക്കുന്നവർക്ക് ആദ്യം അവസരം നൽകണം) പൊതു അവതരണം ക്രോഡീകരണം.

(മനോഹരമായ പൂന്തോട്ടത്തിന്റെ വിവരണം തയ്യാറാക്കുന്ന സമയത്ത് മികച്ച വാക്യങ്ങൾ ഉപയോഗിക്കാൻ കുട്ടിക്ക് ഇത് സഹായകമാവും.)

പ്രതികരണ പേജിലേക്ക്

വായനയിൽ പ്രയാസം നേരിടുന്നവർ ഇനിയും എത്ര പേർ? അവർക്ക് വേണ്ടി ചെയ്യേണ്ടത് എന്ത്?

**5. വിശകലന ചോദ്യങ്ങൾ (30 മിനിറ്റ് )**

അന്നുതന്നെ ആ വലിയ മതിൽ പൊളിച്ചുമാറ്റി ഇവിടെ പൂന്തോട്ടത്തിന്റെ മതിൽ മാത്രമാണോ പൊളിച്ചുമാറ്റിയത്? നിങ്ങളുടെ അഭിപ്രായം ഒന്നു എഴുതി നോക്കൂ.

2. എന്റെ തോട്ടം എന്റേതുമാത്രമാണ്. ഒരാളും ഇവിടെ കയറി കളിക്കണ്ട. ഈ പ്രസ്താവനയോട് പ്രതികരിക്കുക.

വിശകലന ചോദ്യങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു. വ്യക്തിഗതമായി ഉത്തരമെഴുതുന്നു (10 മിനുട്ട്) ഗ്രൂപ്പിൽ വായിച്ച് അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു. പൊതുഅവതരണം. മറ്റ് ഗ്രൂപ്പുകളും ടീച്ചറും ഇടപെട്ട് മെച്ചപ്പെടുത്തുന്നു. ടീച്ചർവേർഷൻ പ്രദർശിപ്പിക്കുന്നു. ഗ്രൂപ്പിന്റെ രചനയുമായി താരതമ്യം ചെയ്യുന്നു. മെച്ചപ്പെടുത്തുന്നു.

ടീച്ചർവേർഷൻ

1. പൂന്തോട്ടത്തിന്റെ മതിൽ മാത്രമല്ല അയാൾ പൊളിച്ചുമാറ്റിയത്. കോപം, അഹങ്കാരം, അസഹിഷ്ണുത തുടങ്ങിയ വികാരങ്ങളുടെ മതിൽ കെട്ടുകൾ കൂടി അയാൾ അയാളിൽ നിന്നും പൊളിച്ചുമാറ്റി. പ്രകൃതിയുടെ വരദാനമായ പൂക്കളും പൂന്തോട്ടവും ഋതുക്കളുമെല്ലാം എല്ലാവരുടേതുമാണ്. എല്ലാ ജീവജാലങ്ങളെയും സ്നേഹിക്കാനും പരിഗണിക്കാനുമുള്ള മനസ്സ് നമുക്കുണ്ടാവണം. സ്നേഹവും അനുപാതവും ഏറ്റവും ശ്രേഷ്ഠമായ മൂല്യങ്ങളാണ് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും ഉത്തരം കണ്ടെത്താൻ കഴിഞ്ഞോ? ചോദ്യം സ്വന്തമായി എത്ര പേർക്ക് മനസ്സിലായി?

**6. ഭാവാത്മക വായന (40 മിനിറ്റ് )**

വിവിധ നിലവാരക്കാരായ കുറച്ചു കുട്ടികൾ കഥയുടെ ഒരേ ഭാഗം വായിക്കുന്നു. ആരുടെ വായനയാണ് മികച്ചത്? എന്തുകൊണ്ട്? കുട്ടികളുടെ പങ്കാളിത്തത്തോടെ മികച്ച വായനയുടെ സവിശേഷത തയ്യാറാക്കുന്നു.

ഒഴുക്കോടെയും വ്യക്തതയോടെയും വായിക്കുന്നു അക്ഷരസുഫ്ടതയോടുള്ള അവതരണം
ആശയ വ്യക്തത ശബ്ദ ക്രമീകരണം ഭാവസ്ഫുരണം (ഭാവം ഉൾക്കൊണ്ട് വായിക്കുന്നു)

സംഭാഷണ ഭാഗങ്ങളിലെ ശബ്ദവ്യത്യാസം ചിഹ്നങ്ങൾ വ്യക്തമാക്കുന്ന തരത്തിലുള്ള നിർത്തലുകൾ ഊന്നലുകൾ

കുട്ടികൾ മൂന്നംഗ ഗ്രൂപ്പുകളാവുന്നു. ഒരു കുട്ടി വായിക്കുമ്പോൾ മറ്റുള്ളവർ സൂചകം വെച്ച് വിലയിരുത്തുന്നു. മികച്ചവ പൊതുഅവതരണം

ടീച്ചറുടെ ഭാവാത്മകവായന. ടീച്ചറുടെ വായന കുട്ടികൾ വിലയിരുത്തുന്നു. ടീച്ചറുടെ വായനയിൽ നിന്നും ലഭിച്ച അധിക ധാരണ ഉൾക്കൊണ്ട് രണ്ടംഗ ഗ്രൂപ്പിൽ പരസ്പര വായന.

പ്രതികരണ പേജ്

ഗ്രൂപ്പിലെ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിഞ്ഞോ? വായന മെച്ചപ്പെട്ടിട്ടുണ്ടോ?

**7. അഭിനയിക്കാം (40 മിനിറ്റ് )**




പാ.പു പേജ് 106 ലെ അഭിനയിക്കാം എന്ന പ്രവർത്തനം വായിക്കാൻ ആവശ്യപ്പെടുന്നു. എന്തു മനസ്സിലായി? കുട്ടികൾ പറയുന്നു. ആവശ്യമെങ്കിൽ ടീച്ചറുടെ വിശദീകരണം. കഥയിലെ വ്യത്യസ്ത സന്ദർഭങ്ങൾ ഓരോ ഗ്രൂപ്പിനും അഭിനയിക്കാനുള്ള അവസരം നൽകുന്നു. ഓരോ ഗ്രൂപ്പും പാഠഭാഗം ഒന്നുകൂടി വായിക്കുന്നു. ഉചിതമായ സന്ദർഭങ്ങൾ തിരഞ്ഞെടുക്കുന്നു. കഥാപാത്രങ്ങൾ ആരെല്ലാം? അവതരിപ്പിക്കുന്നത് ആരെല്ലാം? സംഭാഷണങ്ങൾ എങ്ങനെ?

ഇത്രയും കാര്യങ്ങൾ തീരുമാനിക്കുന്നു. ഒഴിവു സമയങ്ങളിൽ പരിശീലനം. സർഗ്ഗവേള പിരീഡിൽ അവതരിപ്പിക്കുന്നു.

**പ്രതികരണ പേജ്**

സന്ദർഭം തിരഞ്ഞെടുക്കുന്നത് മുതൽ അഭിനയം വരെ ഗ്രൂപ്പിലെ പങ്കാളിത്തം എങ്ങനെ?

അഭിനയ മികവിൽ ആരെല്ലാം?

**8. കാലമേത്? (20 മിനിറ്റ് )**

പാഠപുസ്തകത്തിലെ കാലമേത്? എന്ന പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു. മൂന്നംഗ ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തുന്നു. പൊതുഅവതരണം ടീച്ചർ ക്രോഡീകരിക്കുന്നു. ടീച്ചർവേർഷൻ അവതരണം

| ടീച്ചർവേർഷൻ | |
|---|---|
| തണുത്തുവിറച്ചു | മഞ്ഞുകാലം |
| വിയർത്തു വലഞ്ഞു | വേനൽക്കാലം |
| നനഞ്ഞു കുതിർന്നു | മഴക്കാലം |
| സുഗന്ധം പരത്തി | വസന്തകാലം |

**പ്രതികരണ പേജ്**

എല്ലാവർക്കും ഉത്തരം കണ്ടെത്താൻ കഴിഞ്ഞോ? കുട്ടികളുടെ പങ്കാളിത്തം കൂടുന്നുവോ? മറ്റ് തിരിച്ചറിവുകൾ

**9. സംഭാഷണം എഴുതാം (40 മിനിറ്റ്)**




പാഠപുസ്തകം 105 ലെ സംഭാഷണം എഴുതാം എന്ന പ്രവർത്തനം കുട്ടികൾ വായിക്കുന്നു. എന്തു ചെയ്യണമെന്ന് പറയുന്നു.

കുഞ്ഞുപൂവും പുല്ലും തമ്മിൽ എന്തെല്ലാമായിരിക്കും പറഞ്ഞിട്ടുണ്ടാവുക. ഇവർ തമ്മിലുള്ള സംഭാഷണം ആലോചിക്കാൻ കുട്ടികൾക്ക് സമയം നൽകുന്നു. പൊതുചർച്ച - കുട്ടികൾ പറയുന്ന കാര്യങ്ങൾ ടീച്ചർ ക്രോഡീകരിച്ച് ബോർഡിൽ എഴുതുന്നു.

- മഞ്ഞുപോയിട്ടില്ല • കുട്ടികളെയും കിളികളെയും പൂമ്പാറ്റകളെയും കാണുന്നില്ല
- തണുത്തു വിറയ്ക്കുന്നു • തടിയൻ തോട്ട ഉടമയാണ് ഇതിനെല്ലാം കാരണം
- എല്ലാവരും ഒന്നിച്ചു നിന്നാൽ സന്തോഷം

തുടർന്ന് വ്യക്തിഗതമായി സംഭാഷണം എഴുതുന്നു ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു (ഗ്രൂപ്പ് നിയമങ്ങൾ പാലിക്കുന്നുവെന്ന് ടീച്ചർ ഉറപ്പ് വരുത്തുന്നു)

മെച്ചപ്പെട്ടവ തിരഞ്ഞെടുക്കുന്നു. പൊതു അവതരണം. രചന മെച്ചപ്പെടുത്തുന്നതിന് സഹായകമായ ചോദ്യങ്ങൾ ടീച്ചർ ചോദിക്കുന്നു. ചാർട്ട് ചെയ്യുന്നു.
നിശ്ചിത ആശയത്തെ അടിസ്ഥാനമാക്കിയാണോ സംഭാഷണം രചിച്ചിട്ടുള്ളത്?
ആകർഷകമായ തുടക്കം ഉണ്ടോ?
ആദ്യസംഭാഷണ ഭാഗങ്ങളോട് ചേർന്ന് നിൽക്കുന്ന വാക്യങ്ങളാണോ തുടർന്ന് വരുന്നത്?
ആശയ വ്യക്തതയുണ്ടോ? വിവിധ ഗ്രൂപ്പുകൾ തെരഞ്ഞെടുക്കുന്ന സംഭാഷണം അവതരിപ്പിക്കുന്നു. സൂചകങ്ങൾ വെച്ച് കുട്ടികൾ അഭിപ്രായം പറയുന്നു. ഗ്രൂപ്പ് വിലയിരുത്തൽ നടത്തുന്നു. ടീച്ചർവേർഷൻ അവതരിപ്പിക്കുന്നു. സ്വന്തം രചന ടീച്ചർവേർഷനുമായി താരതമ്യം ചെയ്ത് മെച്ചപ്പെടുത്തി എഴുതുന്നു.

**സൂചകം**

- അനുയോജ്യമായ തുടക്കം, ഒടുക്കം, വളർച്ച • ആശയ വിനിമയങ്ങളുടെ ചേർച്ച, സ്വാഭാവികത
- വികാരത്തിനും സന്ദർഭത്തിനും അനുസരിച്ച് സംബോധന ചിഹ്നം ചേർക്കൽ

കുട്ടികൾ സൂചകം വെച്ച് വിലയിരുത്തുന്നു. മികവുകൾ സ്വന്തം രചനയിൽ ചേർക്കുന്നു.

ഒരു ഗ്രൂപ്പിന്റെ സംഭാഷണം ചാർട്ടിൽ എഴുതി എഡിറ്റ് ചെയ്യുന്നു. വിശകലന ചോദ്യങ്ങളിലൂടെ സംഭാഷണം എഡിറ്റ് ചെയ്യുന്നു. ചാർട്ടിൽ തിരുത്തുന്നു ( വാക്യഘടന, പദം, അക്ഷരം, വ്യവഹാര രൂപം)

**പ്രതികരണ പേജിലേക്ക്**

സംഭാഷണ രചനയിൽ കുട്ടികളിൽ എന്തുമാറ്റം? ഗ്രൂപ്പിൽ പങ്കാളിത്തം ഉറപ്പാക്കിയോ?
മറ്റ് ഗ്രൂപ്പുകളെ കൃത്യതയോടെ വിലയിരുത്തിയോ?

**10. കണ്ടെത്താം എഴുതാം (20 മിനിറ്റ് )**

കണ്ടെത്താം എഴുതാം (പാ.പു. പേജ് 106) പ്രവർത്തനം കുട്ടികൾ വായിക്കുന്നു. എന്താണ് ചെയ്യേണ്ടത് എന്ന് പറയുന്നു. ആവശ്യമെങ്കിൽ ടീച്ചർ വിശദീകരിക്കുന്നു.
പൂന്തോട്ടത്തിലെ കാഴ്ച കണ്ട് അദ്ദേഹത്തിന് ദേഷ്യം വന്നു.
തോട്ടം നിറയെ പല നിറത്തിലുള്ള പൂക്കൾ
മരം കൊമ്പുകൾ താഴ്ത്തിക്കൊടുക്കുന്നു
അടിവരയിട്ട പദങ്ങൾക്ക് പകരം പാഠഭാഗത്തുള്ള വാക്കുകൾ കണ്ടെത്തി വ്യക്തിഗതമായി എഴുതുന്നു. 3 അംഗ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു. പൊതു അവതരണം. ടീച്ചർ ക്രോഡീകരിക്കുന്നു. (എല്ലാവരും നോട്ടുബുക്കിൽ രേഖപ്പെടുത്തി എന്ന് ടീച്ചർ ഉറപ്പ് വരുത്തണം)

**പ്രതികരണ പേജ്**

വ്യക്തിഗതമായി കണ്ടെത്താൻ എല്ലാവർക്കും കഴിഞ്ഞോ?

**11. ഞാൻ എഴുതിയത് (20 മിനിറ്റ്)**

ഞാൻ എഴുതിയത് (പേജ് 106) പ്രവർത്തനം കുട്ടികൾ വായിക്കുന്നു. എന്ത് ചെയ്യണമെന്ന് പറയുന്നു.

- മൂടിപ്പുതച്ച്
- പാറിപ്പറക്കുന്ന
- പറന്നുപറന്നു - തുടങ്ങിയ പ്രയോഗങ്ങൾ

ഉൾപ്പെടുത്തി വാക്യങ്ങൾ തയ്യാറാക്കുന്നു. വ്യക്തിഗതമായി എഴുതുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു. പൊതു അവതരണം. ടീച്ചർ ക്രോഡീകരിക്കുന്നു. ടീച്ചർവേർഷൻ അവതരിപ്പിക്കുന്നു.

| ക്ലാസ് : 3 | യൂണിറ്റ് 7 - ഒരു സ്വപ്നം പോലെ | മൊഡ്യൂൾ 15. | വസന്തം വന്നപ്പോൾ |
|---|---|---|---|

## കഥയെ നാടകമാക്കാം



വസന്തം വന്നപ്പോൾ എന്ന കഥ നാടകമാക്കണം. ഇതിന് കഥയിലെ കഥാപാത്രങ്ങളെ കണ്ടെത്തണം.

കഥാപാത്രങ്ങൾ - മരം, പുല്ല്, പൂവുകൾ.....

സന്ദർഭങ്ങൾ - കുട്ടികൾ തിമർത്തുല്ലസിച്ചു കളിക്കുന്നു.

# പുൽക്കൊടിയും കുഞ്ഞുപൂവും



| | | |
|---|---|---|
| പുല്ല് | : | ഇതാര് കുഞ്ഞു പൂവോ! |
| കുഞ്ഞുപൂവ് | : | ഓ, എന്തൊരു തണുപ്പ് അല്ലേ? |
| പുല്ല് | : | മഞ്ഞ് പോയിട്ടില്ല എന്റെ ശരീരമാകെ മഞ്ഞ് പുതപ്പ് കൊണ്ട് മൂടിയത് നീ കണ്ടില്ലേ? |
| കുഞ്ഞുപൂവ് | : | സൂര്യകിരണങ്ങൾ ഇങ്ങോട്ട് എത്തിനോക്കാറില്ലേ? പക്ഷികളും പൂമ്പാറ്റകളും കുട്ടികളും എല്ലാം എവിടെ? |
| പുല്ല് | : | ഇപ്പോൾ ആരും വരുന്നില്ല. എല്ലാറ്റിനും ഉത്തരവാദി ആ തടിയൻ തോട്ടമുടമയാണ് |
| കുഞ്ഞുപൂവ് | : | അയാൾ എന്തു ചെയ്തു? അയാളേയും കാണുന്നില്ലല്ലോ? |
| പുല്ല് | : | അയാൾ കുട്ടികൾ ഇവിടെ കയറാനിരിക്കാൻ മതിൽ കെട്ടി. കുട്ടികളെ ഓടിച്ചു വിട്ടു. |
| കുഞ്ഞുപൂവ് | : | കുട്ടികൾ ഇല്ലെങ്കിൽ നമുക്ക് എന്ത് സന്തോഷം? അയാൾക്ക് സ്നേഹം, സന്തോഷം ഇതൊന്നും അറിയില്ല. |
| പുല്ല് | : | പ്രകൃതിയിലെ നന്മകളെല്ലാം എല്ലാവർക്കും അവകാശപ്പെടുന്നതാണെന്ന് അയാൾ മനസ്സിലാക്കണം. |
| കുഞ്ഞുപൂവ് | : | അയാൾ ഈ വഴി വരാതിരിക്കില്ല. നമുക്ക് അയാളോട് പറയാം. |